നം. DCKSGD/3419/2020-K2

കളക്ടറേറ്റ് കാസറഗോഡ്
തീയതി.04/06/2020

**മൺസൂൺ: ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 04.06.2020 ന് ഉച്ചയ്ക്ക് 2.30 മണിക്ക് ചേർന്ന DDMA യോഗത്തിന്റെ മിനുറ്റ്സ്.**

ഹാജർ:

| Sl.No | Name | Designation | Mobile No. |
|---|---|---|---|
| 1 | Dr. D Sajith Babu IAS | Chairman DDMA & District Collector | 9447496600 |
| 2. | A.G.C Basheer | Co-chairman DDMA & President, District Panchayat | 9447448727 |
| 3 | Shilpa Dyaraiah IPS | District Police Chief | |
| 4 | N. Devidas, | ADM & Chief Executive Officer DDMA | 9447448727 |
| 5 | Dr. Geetha Gurudas, | Deputy Superintendent, General Hospital Kasaragod | 9496251506 |
| 6 | K.N.Jyothikumari | TA, Principal Agriculture Office Kasaragod | 9496424596 |
| 7. | Meenarani.S | DDO for SC Kasaragod | 9497535653 |
| 8. | Shameena.M | TDO, Kasaragod | 9846739470 |
| 9. | V.K.Shashidhran, | DSO Kasaragod | 9447417534 |
| 10. | Rajesh.A.V | Coastal Police, Bekal | 9497927990 |
| 11 | Jijomon V C | SIF, O/o DD Fisheries | 9496007034 |
| 14. | Leelavathi.S | Head Clerk, Natural Calamity | 9496419781 |

യോഗത്തിനെത്തിയവരെ ജില്ലാ കളക്ടർ സ്വാഗതം ചെയ്തു. കാലവർഷം ആരംഭിച്ചതിനാൽ ഇനിയുള്ള ദിവസങ്ങളിൽ മഴ ഉണ്ടാവാൻ സാധ്യതയുണ്ട് എന്ന് ജില്ലാ കളക്ടർ ആമുഖമായി പറഞ്ഞു. മൺസൂൺ മുന്നൊരുക്കവുമായി ബന്ധപ്പെട്ട് 21/05/2020, 30/05/2020 തീയതികളിൽ നടത്തിയ യോഗത്തിന്റെ തുടർച്ചയായി ചേരുന്ന യോഗമാണ് ഇതെന്ന് ജില്ലാ കളക്ടർ അറിയിച്ചു. പ്രസ്തുത യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച് റിപ്പോർട്ട് അവതരിപ്പിക്കാൻ വിവിധ വകുപ്പുകളോട് ആവശ്യപ്പെട്ടു.

**1.** ജില്ലയിൽ കഴിഞ്ഞ കാലവർഷത്തിൽ നിരവധി തെങ്ങുകൾ നശിച്ചതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ തെങ്ങിന് ഇൻഷ്വർ ചെയ്യാൻ കർഷകരോട് ആവശ്യപ്പെടണമെന്ന് മുൻ യോഗങ്ങളിൽ നിർദേശിച്ചിരുന്നതാണ്. എല്ലാ കർഷകരോടും തെങ്ങ്

ഇൻഷുർ ചെയ്യുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതായി കൃഷി വകുപ്പ് അറിയിച്ചു. ഇൻഷുറൻസ് ചെയ്തത് സംബന്ധിച്ച റിപ്പോർട്ട് 05/06/2020 ന് 5 മണിക്ക് മുമ്പായി ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
(നടപടി: പ്രിൻസിപ്പൽ കൃഷി ഓഫീസർ)

**2.** കാലവർഷം രൂക്ഷമാവുകയാണെങ്കിൽ എസ്.സി, എസ്.ടി കോളനികളിൽ തകരാറായ വീടുകളിൽ താമസിക്കുന്നവരെയും മറ്റ് അപകട സാധ്യതയുള്ള വീടുകളിൽ താമസിക്കുന്നവരെയും ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി താമസിപ്പിക്കേണ്ടതുണ്ട്. എസ്.സി / എസ്.ടി പ്രമോട്ടർമാർ വഴി എല്ലാ കോളനികളിലും ഇത് സംബന്ധിച്ച അവബോധം നൽകേണ്ടതും ഇത്തരം വീടുകളുടെ പട്ടിക തയ്യാറാക്കി സമർപ്പിക്കേണ്ടതുമാണ്. മണ്ണിടിച്ചിൽ അടക്കമുള്ള ദുരന്തസാധ്യത കൂടുതലുള്ള വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ പ്രസ്തുത പ്രവർത്തനം കാര്യക്ഷമമായി നടത്തണം. ബന്ധപ്പെട്ട തഹസിൽദാർ / വില്ലേജ് ഓഫീസറിൽ നിന്ന് ദുരന്ത സാധ്യതാ മുന്നറിയിപ്പ് ലഭിച്ചാലുടൻ ക്യാമ്പുകളിലേക്ക് മാറി താമസിക്കേണ്ടതാണെന്ന് എല്ലാ കോളനികളിലും അറിയിപ്പ് നൽകേണ്ടതാണ്.
(നടപടി: ജില്ലാ എസ്.സി ഡവലപ്മെന്റ് ഓഫീസർ & ജില്ലാ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ )

**3.** കാലവർഷവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള സ്കൂളുകൾ / മറ്റു കേന്ദ്രങ്ങളുടെ താക്കോലുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ 05/06/2020 നകം വാങ്ങി സൂക്ഷിക്കേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ട് തഹസിൽദാർമാർ ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. (നടപടി: തഹസിൽദാർമാർ )

**4.** കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് താലൂക്ക് തലത്തിൽ ലഭ്യമായ ജെ.സി.ബി, ക്രെയിൻ തുടങ്ങിയ ഉപകരണങ്ങളുടെ ഉടമസ്ഥന്റെയും ഡ്രൈവറുടെയും പേര്, ഫോൺ നമ്പർ അടക്കമുള്ള പട്ടിക തയ്യാറാക്കേണ്ടതും ഉടമസ്ഥരുമായി റേറ്റ് കോൺട്രാക്ടിൽ ഏർപ്പെടേണ്ടതുമാണ്. (നടപടി: തഹസിൽദാർമാർ )

**5.** കാലവർഷവും ട്രോളിംഗ് നിരോധനവും കാരണം മൽസ്യത്തൊഴിലാളികൾക്ക് സൌജന്യ റേഷൻ അനുവദിക്കേണ്ടി വരുന്ന അവസരത്തിൽ ആവശ്യമായ സ്റ്റോക്ക് ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇതിനാവശ്യമായ പട്ടിക ഫിഷറീസ് വകുപ്പ് തയ്യാറാക്കി ജില്ലാ സപ്ലൈ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. (നടപടി: ജില്ലാ സപ്ലൈ ഓഫീസർ & ഡി.ഡി ഫിഷറീസ് )

**6.** കഴിഞ്ഞ യോഗത്തിൽ നിർദേശിച്ചത് പ്രകാരം ഒരു ഫയർ യൂണിറ്റ് വെള്ളരിക്കുണ്ട് താലൂക്കിൽ സജ്ജീകരിച്ച് ഉടൻ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. (നടപടി: ജില്ലാ ഓഫീസർ & ഫയർ & റെസ്ക്യൂ )

**7.** കാലവർഷവുമായി ബന്ധപ്പെട്ട് ജില്ലയിലെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ആവശ്യത്തിന് ORS സ്റ്റോക്കുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്, പടന്ന ഗ്രാമപഞ്ചായത്ത്, നീലേശ്വരം മുനിസിപ്പാലിറ്റി, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി എന്നീ പ്രദേശങ്ങളിലെ വെള്ളപ്പൊക്ക സാധ്യത കണക്കിലെടുത്ത് എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാരടക്കമുള്ള സ്റ്റാഫ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ബ്ലീച്ചിംഗ് പൌഡറിന്റെ സ്റ്റോക്കും ഉറപ്പ് വരുത്തേണ്ടതാണ്. അടിയന്തിര ഘട്ടങ്ങളിൽ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി ഡോക്ടർ, നഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർ അടക്കമുള്ളവരെ ഉൾപ്പെടുത്തി തയ്യാക്കിയ ടീമിന്റെ

വിശദവിരം റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് ജില്ലാ കളക്ടർ നിർദേശിച്ചു (നടപടി: ജില്ലാ മെഡിക്കൽ ഓഫീസർ)

**8.**നാല് താലൂക്കുകളിലും രൂപീകരിക്കാൻ നിർദേശിച്ചിട്ടുള്ള റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (25 വീതം പോലീസ് ഓഫീസർമാർ) വിവരം ഉടൻ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ടീമുകൾക്കുള്ള പരിശീലനം 06/05/2020 ന് നടത്തുന്നതിന് തീരുമാനിച്ചു. (നടപടി: ജില്ലാ പോലീസ് ചീഫ് & എ.ഡി.എം)

**9.**പുഴവെള്ളം കടലിലേക്ക് തുറന്നുവിടുന്നതിന് പൊഴിമുറിക്കേണ്ട ഉപ്പള ഷിറിയ തുടങ്ങിയ പ്രദേശങ്ങളിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് മേജർ ഇറിഗേഷൻ വകുപ്പിനോട് നിർദേശിച്ചിരുന്നതാണ്. ഇതു സംബന്ധിച്ച നടപടി വിവരം 05/06/2020 ന് വൈകുന്നേരം 5 മണിക്കകം സമർപ്പിക്കേണ്ടതാണ്.

(നടപടി: മേജർ ഇറിഗേഷൻ വകുപ്പ്)

**10.** മൺസൂൺ മുന്നൊരുക്കവുമായി ബന്ധപ്പെട്ട ചുമതലകൾ വിവരിക്കുന്ന ഓറഞ്ച് ബുക്ക്, കരട് ദുരന്തനിവാരണ പ്ലാൻ എന്നിവയുടെ സോഫ്റ്റ് കോപ്പി ബന്ധപ്പെട്ട എല്ലാ ഓഫീസർമാർക്കും ഇന്നു തന്നെ അയച്ചു കൊടുക്കേണ്ടതാണെന്ന് ജില്ലാ കളക്ടർ നിർദേശിച്ചു (നടപടി: എ.ഡി.എം)

**11.** ജാൽസൂർ റോഡിലെ അപകടകരമായ സാഹചര്യത്തിലുള്ള മരം മുറിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മുൻ യോഗത്തിൽ നിർദേശിച്ചിരുന്നതാണ്. പ്രസ്തുത റിപ്പോർട്ട് 05/06/2020 ന് വൈകുന്നേരം 5 മണിക്കകം ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. (നടപടി: ഫോറസ്റ്റ്, ഫയർ & റെസ്ക്യൂ & SHO ആദൂർ സ്റ്റേഷൻ )

**12.**പ്രളയ സാധ്യതയുള്ള പ്രദേശങ്ങളിൽ പെട്ട ചെറുവത്തൂർ, പടന്ന, വലിയപറമ്പ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാരുടെയും കാഞ്ഞങ്ങാട്, നീലേശ്വരം മുനിസിപ്പൽ ചെയർമാൻമാരുടെയും യോഗം നാളെ (05/06/2020) സബ് കളക്ടർ കാഞ്ഞങ്ങാട് വിളിച്ചു ചേർക്കേണ്ടതാണ്. പ്രസ്തുത യോഗത്തിൽ കാഞ്ഞങ്ങാട് DySP, തഹസിൽദാർ ഹൊസ്ദുർഗ്, ഫിഷറീസ്, ഇറിഗേഷൻ തുടങ്ങിയ വകുപ്പ് ഉദ്യോഗസ്ഥരെയും പങ്കെടുപ്പിക്കേണ്ടതും മുൻ വർഷത്തെ പ്രളയത്തിന്റെ വെളിച്ചത്തിൽ കൃത്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.(നടപടി: സബ് കളക്ടർ കാഞ്ഞങ്ങാട്)

**13.** രണ്ട് ദിവസത്തിലധികം തുടർച്ചയായി ശക്തമായ മഴ പെയ്യുകയാണെങ്കിൽ മൂന്നാംദിവസം മുതൽ ജില്ലയിലെ കരിങ്കൽ ക്വാറികളുടെ പ്രവർത്തനം നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനായി ജില്ലാകളക്ടറുടെ പ്രത്യേക ഉത്തരവ് തേടേണ്ടതില്ല. (നടപടി: മൈനിംഗ് & ജിയോളജി വകുപ്പ്)

**14.** നീലേശ്വരം, ചെറുവത്തൂർ മേഖലയിൽ തോട്ടുകര പാലത്തിന്റെ ബണ്ട് പൊട്ടിക്കുന്നതിനും എടച്ചാക്കൈയിലെ ബണ്ട് ഉയർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ജില്ലാ കളക്ടർ നിർദേശിച്ചു. ( നടപടി: മൈനർ ഇറിഗേഷൻ വകുപ്പ്)

യോഗം 3.30 മണിക്ക് അവസാനിച്ചു.

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ &
ജില്ലാ കളക്ടർ , കാസറഗോഡ്

ഉത്തരവിൻപ്രകാരം

ഡെ.കളക്ടർ(ജനറൽ)

പകർപ്പ്: ബന്ധപ്പെട്ട ഓഫീസർമാർക്ക്